പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2043 — 22-03-2012 -ൽ മറുപടിക്ക്.

ഭവനരഹിതർക്ക് സർക്കാർ വക ഫ്ളാറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവർക്ക് സർക്കാർ വക ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) | ഭൂ-ഭവനരഹിതരായ വിഭാഗക്കാർക്കായി ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന "സാഫല്യം ഭവന പദ്ധതിക്ക്" സർക്കാർഅംഗീകാരം നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി കേരളത്തിൽ 10 സ്ഥലങ്ങളിലായി 1008 ഫ്ലാറ്റുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ഫ്ലാറ്റിനും പൊതു സർവ്വീസ് സ്ഥലം ഒഴികെയുള്ള തറവിസ്തീർണ്ണം 195 ച.അടിയാണ്. ഒരു ഫ്ലാറ്റിന്റെ നിർമ്മാണച്ചെലവ് 2.50 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ 1 ലക്ഷം രൂപ സർക്കാർ സബ്സിഡിയായും 1 ലക്ഷം രൂപ ഹഡ്കോ വായ്പയായും, 25000/- രൂപ സന്നദ്ധസംഘടനാ വിഹിതമായും 25,000/- രൂപ ഗുണഭോക്തൃ വിഹിതമായും സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) | ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്:<br><br>(a) <u>ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം.</u><br>പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ ദുർബലവിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ വ്യക്തികളെ (ബി.പി.എൽ) ഇതിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതാണ്. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം Beneficiary |

Selection Committee - ക്കായിരിക്കും.

(b)<u>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന**BeneficiarySelection Committee** - യിലെ അംഗങ്ങൾ</u>

ഈ കമ്മിറ്റിയിൽ ചെയർമാൻ ഉൾപ്പെടെ 3 അംഗങ്ങൾ ഉണ്ടായിരിക്കും.

**(i)** ഭവന നിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സി. എൻജിനീയറോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ചെയർമാൻ.

**(ii)** പദ്ധതി നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും കമ്മിറ്റിയുടെ ഒരു മെംബർ.

**(iii)** പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡ് മെംബർ/വാർഡ് കൗൺസിലർ ആയിരിക്കും മറ്റൊരു മെംബർ.

(c) <u>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വിധം</u>

**(i)** ഭൂ-ഭവനരഹിതരായ ദുർബലവിഭാഗക്കാരായ വ്യക്തികളുടെ വിവരശേഖരണത്തിനായി കേരളത്തിലെ 14 ജില്ലകളിലും പ്രചാരത്തിലുള്ള 3 മലയാള ദിനപ്പത്രങ്ങളിലെങ്കിലും വ്യാപകമായ പരസ്യപ്രചാരണം നടത്തി ഒരു ജില്ലാതല ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതാണ്. ഇതിന് 100 രൂപ വീതം രജിസ്ട്രേഷൻ ഫീസ് ഗുണഭോക്താവ് ഒടുക്കേണ്ടതാണ്.

**(ii)** ടി ഡാറ്റാ ബാങ്കിൽനിന്നും പദ്ധതിക്കുവേണ്ടി പദ്ധതി നടപ്പിലാക്കുന്ന പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയോ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി അപേക്ഷ വാങ്ങി (അപേക്ഷാഫാറം ഫീസ് 10 രൂപ) യുക്തമായ നടപടിക്രമത്തിലൂടെ ഗുണഭോക്താവിനെ Beneficiary Selection Committee തെരഞ്ഞെടുക്കുന്നതാണ്.

| | | | |
|---|---|---|---|
| **(സി)** | **മണ്ഡലം തലത്തിൽ വീടും ഭൂമിയും ഇല്ലാത്തവരുടെ കണക്കുകൾ പ്രത്യേകം ശേഖരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ഫ്ളാറ്റുകൾ നൽകാൻ നടപടി സ്വീകരിക്കുമോ?** | **(സി)** | **ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.** |

**സെക്ഷൻ ഓഫീസർ**